**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **13-12-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (എ) | വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>2. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റി. താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് സംരംഭകർക്കാവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കി വരുന്നു. കൂടാതെ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.<br><br>3. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി -യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>4. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്കുള്ള ശിക്ഷാനടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 5. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കു<br><br>വാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>6. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>7. ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>8. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>9. 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>10. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിക്കുകയും ടി പാക്കേജിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan ), സംരംഭക സഹായ പദ്ധതി ( ESS), ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി എന്നിവയിൽ ഇളവുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>11. 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക |

| | | | |
|---|---|---|---|
| | | | വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br><br>12. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യു മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>13. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നൽകുന്ന സേവനങ്ങൾക്ക് ഓൺലൈൻ പോർട്ടലുകൾ തയ്യാറാക്കുകയും എം എസ് എം ഇ -കളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംരംഭകരിൽ എത്തിക്കുന്നതിന് ഔദ്യോഗിക വെബ്സൈറ്റ് നവീകരിക്കുകയും ചെയ്തു |
| (ബി) | നിർജ്ജീവമായി കിടക്കുകയായിരുന്ന ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും അതുവഴി തൊഴിലാളികളുടെ ജോലി സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; ആയതിന്റെ ഫലമായി എത്ര ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറക്കാൻ സാധിച്ചുവെന്നും ഇതുമൂലം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | (ബി) | നിർജ്ജീവമായി കിടക്കുകയായിരുന്ന ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് .<br><br>1.Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പടെയുള്ള പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. |

| | | | |
|---|---|---|---|
| | | | 2.The Kerala Stressed MSMEs Revival & Rehabilitation Scheme<br><br>തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദന രഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റു കൈത്താങ് സഹായവും നൽകുന്ന പദ്ധതിയാണ് ഇത്. ഇത്.ഇത്.ഇല്ലഉത്ഇത്<br>3)പുനപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പ സഹായമില്ലാതെ പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50%, (പരമാവധി 1.5 ലക്ഷം രൂപ ) സാമ്പത്തിക സഹായമായി നൽകുന്നു.<br><br>4)നിലവിലുള്ള മെഷിനറികളുടെയും കെട്ടിടത്തിന്റെയും അടിയന്തിര അറ്റകുറ്റ പണികൾക്കുള്ള ചെലവിന്റെ 50% (പരമാവധി 1 ലക്ഷം രൂപ) തിരിച്ചു നൽകുന്നു<br>5) കെ.എസ്ഇബി, ജി.എസ്.റ്റി, എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള കുടിശ്ശിക തീർക്കുന്നതിന് 50% (പരമാവധി 40,000/-രൂപ വരെ) സഹായം നൽകുന്നു.<br><br>6) പുനരുദ്ധാരണ പദ്ധതി രേഖ(Revival project report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000/-രൂപ വരെ )തിരികെ നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി പദ്ധതികളിലൂടെ കേരളത്തിൽ 51 ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറക്കുന്നതിനും 777 പേർക്ക് തൊഴിൽ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അതിലൂടെ എത്ര പേർ തൊഴിലെടുക്കുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ കണക്ക് പ്രകാരം ആകെ 2,55,059 എംഎസ്എംഇ യൂണിറ്റുകളാണ് നിലവിലുള്ളത്. മേൽ യൂണിറ്റുകളിൽ 9,72,083 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ